പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 865 — 11-6-2014-ൽ മറുപടിക്ക്

ജല അതോറിറ്റി എടുത്ത വായ്പയുടെ വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ജല അതോറിറ്റി കടിവെള്ള വിതരണത്തിനായി ജെ.ഐ.സി.എ.-ൽ നിന്ന് പലിശയ്ക്കെടുത്ത വായ്പ തുക ഉപയോഗിച്ച് 36 കോടി രൂപ ചെലവിൽ കെട്ടിടം പണിയുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ജൈക്ക ധനസഹായത്തോടുകൂടിയുള്ള സംസ്ഥാന ജലവിതരണ പദ്ധതിയിൽ 5 കുടിവെള്ള പദ്ധതികളും സ്ഥാപനശാക്തീകരണവും ഉൾപ്പെടുന്നു. സ്ഥാപനശാക്തീകരണത്തിന്റെ ഭാഗമായിട്ടാണ് കേരള വാട്ടർ അതോറിറ്റി 36 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്ന സെൻട്രൽ കൺട്രോൾ യൂണിറ്റിനു വേണ്ടി കെട്ടിടം നിർമ്മിക്കുന്നത്. കുടിവെള്ള പദ്ധതികൾക്കുള്ള വായ്പ ഇതിനു വേണ്ടി ഉപയോഗിക്കുന്നില്ല. |
| (ബി) | ഉണ്ടെങ്കിൽ കുടിവെള്ള വിതരണത്തിനായി വായ്പയെടുത്ത പണം കൊണ്ട് കെട്ടിടം പണിയുന്നതിനുണ്ടായ കാരണം വ്യക്തമാക്കുമോ; | | |
| (സി) | ഏതൊക്കെ കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിലേക്കാണ് ജെ.ഐ.സി.എ. യിൽ നിന്ന് പ്രസ്തുത തുക വായ്പയായി വാങ്ങിയിട്ടുള്ളത്; | (സി) | തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നീ 5 കുടിവെള്ള വിതരണ പദ്ധതികൾക്കും സ്ഥാപനശാക്തീകരണത്തിനും ജൈക്കയിൽ നിന്നും വായ്പ ലഭിച്ചുവരുന്നു. |
| (ഡി) | കുടിവെള്ള വിതരണം വ്യാപകവും കാര്യക്ഷമവും ആക്കുന്നതിന് നേരിടുന്ന ഫണ്ടിന്റെ അപര്യാപ്തത എങ്ങനെ പരിഹരിക്കുന്നതിനാണ് സർക്കാർ പദ്ധതിയിടുന്നത്; വിശദമാക്കുമോ? | (ഡി) | ജൈക്ക പദ്ധതിയിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികൾക്ക് ഫണ്ടിന്റെ അപര്യാപ്തത ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ